# ശ്ലീഹാക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

### യോഹ 16,5-15

**"ആഗ്നിജ്വാലകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് പറന്നിറങ്ങുമ്പോൾ മാറ്റപ്പെടുന്നത് കാഴ്ച്ചകളല്ല. മറിച്ച്, കാഴ്ച്ചപാടുകളാണ്!"**

അഗ്നി ശുദ്ധീകരിക്കുന്നതാണ്... തീനാവുകളുടെ രൂപത്തിൽ ഇറങ്ങിയ അരൂപി അജ്ഞതയിൽ നിന്നും അവിശ്വാസത്തിൽ നിന്നും ശ്ലീഹരെ കരകയറ്റുന്നു. വിജ്ഞാനത്തിൽ വളരാൻ വിശ്വാസത്തിൽ ജീവിക്കാൻ ആത്മാവ് നമ്മിൽ പറന്നിറങ്ങേണ്ടിയിരിക്കുന്നു!

സകലത്തേയും ശക്തിപ്പെടുത്തുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്ന കർത്താവാണ് വചത്തിന്റെ കേന്ദ്രമെങ്കിൽ അവൻ വിരൽ ചൂണ്ടുന്നത് പരിശുദ്ധാത്മാവിലേയ്ക്കാണ്. അവൻ പറയുന്നു, 'ഞാൻ പോകുന്നതിൽ നിങ്ങൾക്ക് വിഷമമുണ്ട് എന്ന് എനിക്കറിയാം. എങ്കിലും ഞാൻ പോകേണ്ടിയിരിക്കുന്നു. കാരണം, ഞാൻ പോയാൽ മാത്രമാണ് പരിശുദ്ധാത്മാവ് നിങ്ങളിലേയ്ക്ക് പറന്നിറങ്ങു. അവൻ എന്റെ സഹായകൻ മാത്രമല്ല. മറിച്ച്, നിങ്ങളുടെയും സഹായകനും ശക്തിപ്പെടുത്തുന്നവനുമാണ്. അവൻ നിങ്ങളെ നീതിയെ കുറിച്ചും ന്യായവിധിയെ കുറിച്ചും ബോധ്യപ്പെടുത്തും' (യോഹ 16,7 - 8). ക്രിസ്തു പറഞ്ഞത് അച്ചട്ടായി. പന്തകുസ്താ തിരുനാൾ ദിവസം പരിശുദ്ധ കന്യകാമറിയത്തിന്റെ നേതൃത്വത്തിൽ ശ്ലീഹൻമാർ കതകടിച്ച് ഒരുമിച്ച് കൂടി പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ കൊടുങ്കാറ്റിന്റെ ശബ്ദത്തിൽ അഗ്നിജ്വാലകൾ പോലുള്ള നാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ശ്ലീഹൻമാരുടെ മേൽ നിറഞ്ഞു. ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് വിവിധ ഭാഷകളിൽ വചനം പ്രസംഗിക്കുകയും ജീവിക്കുകയും ചെയ്തു (അപ്പ 2,1 - 4).

പരിശുദ്ധാത്മാവ് നിറഞ്ഞ ശ്ലീഹൻമാരുടെ ജീവിതം തന്നെയാണ് പരിശുദ്ധാത്മാവ് നിറഞ്ഞ ജീവിതങ്ങൾക്കുള്ള ഏറ്റവും നല്ല ഉദാഹരണം. ക്രിസ്തു ജീവിച്ചിരുന്നപ്പോൾ ശ്ലീഹൻമാരിൽ ദർശിക്കാത്ത ജീവിത ഗുണങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്ഥത, സൗമ്യത, ആത്മസംയമനം, ശുദ്ധത, മിതത്വം, സഹനശക്തി പരിശുദ്ധാത്മാവിന്റെ പറന്നിറങ്ങുന്നതിലൂടെ അതിന്റെ പൂർണ്ണതയിൽ എത്തുന്നു. അതിനെ സഭ പിൻകാലത്ത് "**പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ**" എന്നുള്ള പേർ നൽകി അലംകരിക്കുന്നു. എങ്കിൽ, ഒന്നുറപ്പാണ്, "പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്ഥത, സൗമ്യത, ആത്മസംയമനം, ശുദ്ധത, മിതത്വം, സഹനശക്തി എന്നിലില്ലെങ്കിൽ പരിശുദ്ധാത്മാവ് എന്നിൽ പറന്നിറങ്ങിയിട്ടില്ല. എന്നിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നുമില്ല!"

"വിജയം പഠിപ്പിച്ച ടീച്ചറുടെ മിടുക്ക് മാത്രമല്ല. മറിച്ച്, കുട്ടിയുടെ അദ്ധ്വാനത്തിന്റെ ഫലം കൂടിയാണ്!" എങ്കിൽ, പരിശുദ്ധാത്മാവിനെ പുത്രനായ ദൈവം നമ്മിൽ വർഷിച്ചിട്ടുണ്ട്. സകലത്തിന്റെയും സഹായകനും ശക്തിപ്പെടുത്തുന്നവനുമായ പരിശുദ്ധാത്മാവിനെ വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ട വലിയ കടമ നമ്മിലാണ് മിശിഹാ ഭരമേൽപ്പിച്ചിരിക്കുന്നത്. ഈശോ വചനത്തിൽ യോഹന്നാൻ 16,5 - 15 വരെയുള്ള ഭാഗങ്ങളിൽ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിൽ അപ്പസ്തോല പ്രവർത്തനങ്ങൾ 2,1 - 4 വരെയുള്ള ഭാഗങ്ങളിൽ പരിശുദ്ധാത്മാവ് പറന്നിറങ്ങുന്നതാണ് നാം കാണുന്നത്. ഇതിൽ പന്തകുസ്താ തിരുനാൾ ദിവസം പരിശുദ്ധകന്യകാമറിയത്തിന്റെ നാമത്തിൽ ശ്ലീഹൻമാർ യഹൂദരെ ഭയന്ന് കതകടച്ച് ഒരുമിച്ച് കൂടി പ്രാർത്ഥിക്കുന്ന സമയത്ത് പരിശുദ്ധാത്മാവ് പറന്നിറങ്ങുന്ന ഭാഗം ഏറെ ബോധ്യങ്ങൾ സമ്മാനിക്കുന്ന ഒന്നാണ്. ഈ ബോധ്യം വചനത്തിന്റെ താളുകൾ മറിയ്ക്കുമ്പോൾ ഏറ്റവും ശക്തിപ്പെടുത്തുന്ന ഒന്നുമാണ്. "പരിശുദ്ധ കന്യകാമറിയവും ശ്ലീഹൻമാരും ഒറ്റയ്ക്ക് പ്രാർത്ഥിച്ചിരിക്കുമ്പോ

ഴല്ല പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നത്. മറിച്ച്, കൂട്ടായ്മയിൽ ഒരുമിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോഴാണ്."

ചുരുക്കത്തിൽ, പരിശുദ്ധാത്മാവ് പറന്നിറങ്ങുന്നത് കൂട്ടായ്മയിലാണ്. എങ്കിൽ, കൂട്ടായ്മയുടെ നിറസാന്നിദ്ധ്യത്തിന്റെ എറ്റവും അവസാനത്തെ പേര് "പരിശുദ്ധാത്മാവ്" എന്നായിരിക്കണം. പഴയ നിയമത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ ദൈവത്തെപ്പോലെ ആകാൻ ആഗ്രഹിച്ച ഒരു ജനതയുടെ വിവരണം വചനം സമ്മാനിക്കുന്നുണ്ട് (ഉൽ 11). ഒരു ഭാഷയും ഒരു സംസ്ക്കാരവും മാത്രമുണ്ടായിരുന്ന ഭൂമിയിൽ കിഴക്കുനിന്ന് വന്ന വർ ഷീനാറിൽ താമസമുറപ്പിച്ച് ആകാശം മുട്ടുന്ന ഗോപുരമുണ്ടാക്കി (ബാബേൽ ഗോപു രം) തങ്ങളുടെ പേരും പ്രശസ്തിയും നിലനിർത്താൻ ആഗ്രഹിച്ചപ്പോൾ ദൈവം അവരെ ചിതറിക്കുന്നു. ഒരു ഭാഷ ഉണ്ടായിരുന്ന സ്ഥാനത്ത് ഒരായിരം ഭാഷയും സംസ്ക്കാരവും നൽകി പരസ്പരം മനസിലാക്കാൻ പറ്റാത്ത വിധത്തിൽ ദൈവം അവരെ ചിതറിക്കുന്നു. കാരണം, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് വിഭിന്നയ്, തങ്ങൾ മാത്രമാണ് ഭൂമി യിലെന്നും, തങ്ങളുടെ പേരും പ്രശസ്തിയും മാത്രം ലോകത്തിന്റെ അതിർത്തികൾ വരെ എത്തണമെന്നും, തങ്ങൾക്ക് കൂട്ടായ്മയുണ്ടാകണമെന്നും അതേസമയം മറ്റുള്ള ആരു മായും തങ്ങൾക്ക് കൂട്ടായ്മ വേണ്ടാ എന്ന് ആഗ്രഹിക്കുകയും ചെയ്ത ജനതയോട് കർത്താവ് അതേ നാണയത്തിൽ തന്നെ തിരിച്ചടിക്കുന്നു. കൂട്ടായ്മയിൽ നിന്ന് അകന്ന് നിൽക്കാൻ ആഗ്രഹിച്ച ജനതയെ ദൈവം ചിതറിച്ച് കളയുന്നു!

ഈശോ പഠിപ്പിച്ച കാര്യങ്ങൾ കൃത്യതയോട് കൂടി ഓർമ്മപ്പെടുത്തുന്നത് പരി.ആത്മാവാണ്. എങ്കിൽ, കൃപയോടുകൂടി ജീവിക്കാൻ വേണ്ടതും ഈ ആത്മാവ് തന്നെയാണ്!

എന്നാൽ, പന്തക്കുസ്തായിൽ സംഭവിച്ചതോ, "ലോകത്തിന്റെ വിവിധ സ്ഥലങ്ങ ളിൽ നിന്ന്, വിവിധ സംസ്ക്കാരത്തിൽ നിന്ന്, വിവിധ വേഷങ്ങളും ഭാഷകളും സംസാരി ക്കുന്നവരെ ദൈവം ഒരുമിപ്പിക്കുന്നു." തങ്ങൾ ഏത് ഭാഷക്കാരായിരുന്നാൽപ്പോലും ഒരാൾ പറയുന്നതും ചെയ്യുന്നതും മറ്റൊരാൾക്ക് മനസിലാകുന്നു. പരിശുദ്ധാത്മാവ് അഗ്നിനാള ങ്ങളുടെ രൂപത്തിൽ ശ്ലീഹൻമാരിൽ പറന്നിറങ്ങിയപ്പോൾ ജനക്കൂട്ടം കൂട്ടായ്മയുടെ സമൂ ഹമായ സഭയിലേയ്ക്ക് ശ്ലീഹൻമാരുടെ അടുത്ത് ഒരുമിച്ച് കൂടി (അപ്പ 2,6). എങ്കിൽ, പരിശുദ്ധാത്മാവ് ഐക്യപ്പെടുത്തുന്ന ശക്തിയാണ്. അത് കൂട്ടായ്മയുടെ വലിയ അട യാളമാണ്. ഈ പരിശുദ്ധാത്മാവിന്റെ ആവാസം കുറയുന്നതിനനുസരിച്ച് കൂട്ടായ്മയും ഐക്യവും അന്യം നിൽക്കും. ആദ്യമസഭയെ കുറിച്ചുള്ള ഏറ്റവും സുന്ദരമായ സ്വപ്നം അപ്പസ്തോല പ്രവർത്തനങ്ങൾ 4,32 സമ്മാനിക്കുന്നുണ്ട്. "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവുമായിരുന്നു." ഈ ഒരു ഹൃദയത്തിലേയ്ക്കും ഒരു ആത്മാ വിലേയ്ക്കും ആദ്യമ സഭാസമൂഹത്തെ നയിച്ചത് സകലത്തേയും ശക്തിപ്പെടുത്തുന്ന പരി ശുദ്ധാത്മാവാണ്.

പരിശുദ്ധാത്മാവ് സഹായിക്കുന്ന ശക്തിപ്പെടുത്തുന്ന ആത്മാവാണ്. ബോധ്യ ങ്ങൾ സമ്മാനിക്കുകയും നേർവഴിയിലൂടെ നയിക്കാൻ പ്രേരണ ചെയുന്നതും പരിശു ദ്ധാത്മാവ് തന്നെയാണ്. സാവൂളിനെ മാനസാന്തരപ്പെടുത്തി വിശുദ്ധ പൗലോസാക്കി തീർത്തതും താന്തോണിയും തല്ലുകൊള്ളിയുമായിരുന്ന അഗസ്റ്റിനെ മാനസാന്തരപ്പെടുത്തി വി.അഗസ്റ്റിനാക്കി തീർത്തതും പരിശുദ്ധാത്മാവ് തന്നെയാണ്.

പ്രാർത്ഥനാ മുറിയിൽ ഉപ്പുകല്ലുകൾ വിതറി അതിൽമേൽ മുട്ടുകുത്തി നിന്ന് കൈകൾ വിരിച്ച് പ്രാർത്ഥിക്കുന്ന അപ്പൻ. രാത്രിയുടെ ഇരുണ്ടയാമങ്ങളിൽ മൂളക്കവും ഞെരുക്കവും കേട്ട് മകൾ വാതിൽ തുറന്ന് വരുമ്പോൾ കാണുന്നത് അപ്പൻ പ്രാർത്ഥന മുറിയിൽ ഉപ്പുകല്ലിൻമേൽ മുട്ടു കുത്തി നിന്ന് തുകലു കൊണ്ടുള്ള ചാട്ട കൊണ്ട് സ്വയം വേദനിപ്പിക്കുന്നതാണ്.

"എന്തിനാ അപ്പ ഇങ്ങനെ വേദനിപ്പിക്കുന്നത്?" എന്നുള്ള ചോദത്തിന് അപ്പൻ പതിഞ്ഞ സ്വരത്തിൽ മറുപടി പറയുകയാണ്;

"തിൻമ നിറഞ്ഞ ലോകത്ത് എന്റെ മകൾ ഇടറി പോകാതിരിക്കുന്നതിനാണ് ഇത്." പതിഞ്ഞ സ്വരത്തിൽ അപ്പൻ മറുപടി പറയുമ്പോൾ ആ ഹൃദയം തിരിച്ചറിഞ്ഞിരിക്കണം, 'വർഷങ്ങൾക്ക് ശേഷം അൾത്താരയിൽ വണങ്ങപ്പേടേണ്ട തന്റെ മകൾ അന്ന (അൽ

ഫോൻസ)യുടെ ജീവിത നിയോഗത്തെ!' ആത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് സഹനങ്ങൾ ഏറ്റെടുക്കുകയും വിശുദ്ധിയുടെ പടവുകൾ ചവിട്ടി കയറുകയും ചെയ്തവളാണ് സഹനങ്ങളുടെ പുത്രിയായ അൽഫോൻസയെങ്കിൽ അവളെ സഹായിച്ചതും ശക്തിപ്പെടുത്തിയതും ഇതേ ആത്മാവ് തന്നെയാണ്. അതുകൊണ്ട് തന്നെയാണ് ക്രിസ്തു തന്റെ ശ്ലീഹൻമാർക്ക് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുമ്പോൾ ഇപ്രകാരം പറഞ്ഞ് വയ്ക്കുന്നത്; "സത്യാത്മാവ് വന്ന് നീതിയെ കുറിച്ചും ന്യായവിധിയെ കുറിച്ചും....... നിങ്ങളെ ബോദ്ധ്യപ്പെടുത്തും!" (16,8).

പരിശുദ്ധാത്മാവിനെ സ്വീകരിച്ച് കഴിയുമ്പോൾ സംഭവിക്കുന്ന വലിയ മാറ്റം "എല്ലാവർക്കും എല്ലാം മനസിലാകുന്നു" എന്നുള്ളതാണ്. നടപടി പുസ്തകം രണ്ടാം അദ്ധ്യായം ഏഴാം വാക്യം ഇപ്രകാരം സംസാരിക്കുന്നു; "ഈ സംസാരിക്കുന്നവരെല്ലാം ഗലീലിയരല്ലേ? എന്നിട്ടും, നാമെല്ലാവരും താന്താങ്ങളുടെ മാതൃഭാഷയിൽ ശ്രവിക്കുന്നതെങ്ങനെ?" (അപ്പ 2,7). പരിശുദ്ധാത്മാവ് കൂട്ടുള്ളവരുടെയും പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരുടെയും വലിയ പ്രത്യേകത ഇത് തന്നെയാണ്. ബാബേൽ ഗോപുരം പണിതവരെ ദൈവം തച്ചുടയ്ക്കുകയും ചിതറിച്ച് കളയുകയും ചെയ്യുന്നുണ്ട്. അതിനു കാരണം, അഹംകാരവും അഹന്തമൂലവും തങ്ങളുടെ ഭാഷകൾ ഭിന്നിച്ചു പോയതാണെങ്കിൽ പന്തക്കുസ്താ തിരുനാളിൽ സംഭവിക്കുന്നത് "ചിതറികിടക്കുന്ന ഭാഷയുള്ളവരെ, വിഭിന്നങ്ങളായ സംസ്ക്കാരങ്ങളുള്ളവരെ, വ്യത്യസ്ഥങ്ങളായ വസ്ത്രങ്ങളണിയുന്നവരെ ദൈവം ഒരു കുടക്കീഴിൽ ഒന്നു ചേർക്കുന്നു എന്നുള്ളതാണ്."

*അരൂപിയെ ആദ്യമായ് സ്വീകരിച്ചവൾ പരി. മറിയം. അവൾ തന്നെയാണ് ആത്മാവിനെ സ്വീകരിക്കാൻ ശ്ലീഹൻമാരെ ഒരുക്കുന്നതും. എങ്കിൽ, മാതാവിന്റെ അങ്കിക്ക് കീഴെ നമുക്കും അഭയം പ്രാപിക്കാം....*

ഇന്ന് നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും ഇടവകയിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കുറയുമ്പോൾ ബാബേൽ ഗോപുരം പണിതവർക്ക് സംഭവിച്ചത് തന്നെ സംഭവിക്കുന്നു. ഭാഷകൾ മനസിലാകാതെ വരുന്നു. ഹൃദയങ്ങൾ തമ്മിലുള്ള ഐക്യം നഷ്ടപ്പെടുന്നു. ഫലമോ, അടിയും ഇടിയും പിടിച്ച് പറിയും! ഇന്ന് കുടുംബങ്ങളിൽ പറയുന്നത് പലർക്കും മനസിലാകുന്നില്ലെങ്കിൽ സംഭവിക്കുന്നത് പരിശുദ്ധാത്മാവിന്റെ ദാരിദ്രം തന്നെയാണ്. ഐക്യമില്ല... കൂട്ടായ്മയില്ല... ഫലമോ, സ്നേഹത്തിന്റെ ദാരിദ്രവും! ആദിമ സഭയിൽ ആത്മാവിനെ സ്വീകരിച്ചപ്പോൾ ഭിന്നമായ ഭാഷകളും സംസ്ക്കാരങ്ങളും ഒന്നാകുന്നു. സ്നേഹത്തിന്റെ സമൃദ്ധിയും, പങ്കുവയ്പ്പിന്റെ കൂട്ടായ്മയും, ഐക്യത്തിന്റെ ഇഴയടുപ്പവും നടമാടുന്നു. പരസ്പരം മനസിലാകാത്ത ഭാഷയുണ്ടെങ്കിൽ അവിടെ കലഹമുണ്ട്.

പരിശുദ്ധാത്മാവിന്റെ ആവാസം വരുത്തുന്ന മാറ്റം അൽഭുതാവഹമാണ്. യഹൂദരെ ഭയന്ന് കതകടച്ച് വാതിലുകൾക്ക് മറവിൽ അഭയം തേടിയിരുന്നവർ ആത്മാവിന്റെ ആവസത്തോടെ വചനത്തിന് സാക്ഷികളാകുന്നു! രണ്ടക്ഷരം പോലും കൂട്ടിവായിക്കാൻ അറിയാത്ത, എന്ത് പറയണം എങ്ങനെ പറയണമെന്നറിയാത്ത ശിഷ്യൻമാരുടെ പ്രസംഗങ്ങൾ കേട്ട് ആയിരങ്ങളും പതിനായിരങ്ങളും മാനസാന്തരപ്പെടുന്നു... വചനത്തിൽ വിശ്വസക്കുന്നു... "ആത്മാവ് ശക്തിപ്പെടുത്തുന്നതും സാഹായിക്കുന്നതുമാണ്." ചില തിന്മകളിൽ നിന്ന് തഴക്ക ദോഷങ്ങളിൽ നിന്ന് കരകയറാൻ പറ്റുന്നില്ലെങ്കിൽ ആത്മാവിനെ വിളിച്ച് പ്രാർത്ഥിച്ചാൽ മതി. അവൻ ശക്തിപ്പെടുത്തും... സഹായിക്കും... കാരണം, ആത്മാവിനാൽ നിറയുന്നവർ ആത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് ജീവിക്കും.

***"എല്ലാവരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും.***
***നിങ്ങളുടെ പുത്രൻമാരും പുത്രിമാരും പ്രവചിക്കും;***
***നിങ്ങളുടെ വൃദ്ധൻമാർ സ്വപ്നം കാണും;***
***യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും!"***

**ജോയേൽ 2,28 – 29**

........................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931